**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2244** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിഷബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശൂർ പെരിഞ്ഞനത്ത് ഭക്ഷ്യ വിഷബാധയേറ്റ് സ്ത്രീ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം സർക്കിളിലെ പെരിങ്ങനം എന്ന സ്ഥലത്ത് സെയിൻ റെസ്റ്റോറന്റ് എന്ന സ്ഥാപനത്തിലുണ്ടായ ഭക്ഷ്യ വിഷബാധ ഗൗരവ മായി കണ്ട് സ്ഥാപനത്തിൽ പരിശോധന നടത്തുകയും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം **Schedule – IV** നിയമലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തി ഭക്ഷ്യ സുരക്ഷാ ലൈസൻസ് സസ്പെൻഡ് ചെയ്തു. ഭക്ഷ്യ വിഷബാധയെ തുടർന്ന് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തികളുടെ മൊഴികൾ രേഖപ്പെ ടുത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിലേയ്ക്ക് നൽകിയിട്ടുണ്ട്. ഭക്ഷ്യ വിഷബാധയെ തുടർന്ന് മരണ പ്പെട്ട വ്യക്തിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതി നായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ പരിശോധനകൾ നടത്തുകയും, പ്രസ്തുത പരിശോ ധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകി പിഴ ചുമത്തുകയും ചെയ്യുന്നു. കൂടാതെ പരിശോധനകളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി പരിശോധനാ ഫലം ലഭിയ്ക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും, Substandard/Misbranded ആയി പരിശോധനാ ഫലം ലഭിയ്ക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ |

| | | | |
|---|---|---|---|
| | | | അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്ത് വരുന്നു.<br><br>2006 ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ